# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1897 04.05.2017- ൽ മറുപടിക്ക്

### ഉദുമ സ്പിന്നിംഗ് മിൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) കോസ്റ്റ് ഓവർറൺ മൂലം അധിക പ്രവർത്തന മൂലധനം ആവശ്യമായി വന്നതും മുൻ ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ നിലനിൽക്കുന്നതുമാണ് ഉദുമ സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിക്കാത്തതിനുള്ള കാരണങ്ങൾ. |
| (ബി) ഈ തടസ്സങ്ങൾ ഒഴിവാക്കി മിൽസ് തുറന്ന് പ്രവർത്തിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 12.07.2016 ൽ വ്യവസായവകുപ്പമന്ത്രിയും ധനവകുപ്പ് മന്ത്രിയും കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജ്മെന്റും കൂടി ആലോചിക്കുകയും തുടർന്ന് 2016 ഒക്ടോബർ 9-ന് യോഗം ചേരുകയും മിൽ തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതു പ്രകാരം 33.94 കോടി അടങ്കൽ തുകയ്ക്കുള്ള പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മില്ലിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിന്മേൽ 04.04.2017 ൽ സർക്കാർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിലെ മേൽ കേസുകളിന്മേൽ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ കഴിയുന്നതാണ്. |

(സി) കാസർഗോഡ് പാക്കേജിൽ നിന്നും മറ്റും തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സ്ഥാപനം എന്ന് തുറന്ന് പ്രവർത്തിപ്പിക്കാനാവും എന്ന് അറിയിക്കാമോ?

(സി) കാസർഗോഡ് പാക്കേജിന്റെ ഭാഗമായി 160 ലക്ഷം രൂപ ഉദുമാ സ്പിന്നിംഗ് മില്ലിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഇനിയും 11.57 കോടി രൂപയുടെ ധനസഹായം ആവശ്യമാണ്. കൂടാതെ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും കഴിയണം. മേൽതുക ലഭ്യമായി ഏകദേശം 90 ദിവസത്തിനുള്ളിൽ മില്ലിൽ ഉൽപാദനം ആരംഭിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ